കാർഷിക സർവ്വകലാശാലയിൽ പുറത്തുനിന്നുള്ള പ്രോജക്റ്റുകൾ

*18 [78] ശ്രീ. എം. പി. ഗംഗാധരൻ:
" ലൂഡി ലൂയിസ്:
" എം. മുരളി:
" വർക്കല കഹാർ:
" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക സർവ്വകലാശാല പ്രതിഫലത്തിനുവേണ്ടി പുറത്തുനിന്നുള്ള പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടത്താറുണ്ടോ;

(ബി) എങ്കിൽ ഈ ഇനത്തിൽ 2001-2002 മുതൽ എന്തു തുക പ്രതിഫലമായി ലഭിച്ചു;

(സി) ഈ കാലയളവിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും പ്രസ്തുത ഗവൺമെന്റുകളുടെ വിവിധ ഏജൻസികളും കാർഷിക സർവ്വകലാശാലയ്ക്ക് എന്തു തുകയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്;

(ഡി) കാർഷിക സർവ്വകലാശാലയ്ക്ക് സ്വന്തമായി വരുമാനമുണ്ടാക്കാനുള്ള എന്തെല്ലാം സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ട്;

(ഇ) ഈ സംവിധാനം ഉപയോഗിച്ച് കൂടുതൽ വരുമാനമുണ്ടാക്കാനുള്ള പദ്ധതികൾക്ക് കാർഷിക സർവ്വകലാശാല രൂപം നൽകിയിട്ടുണ്ടോ;

(എഫ്) ഈ വർഷം ഇത്തരം പദ്ധതികളിലൂടെ എന്തു വരുമാനമുണ്ടാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) 27,89,000 രൂപ. (ഇരുപത്തി ഏഴു ലക്ഷത്തി എൺപത്തി ഒൻപതിനായിരം രൂപ ലഭിച്ചു.)

(സി) 3580.502 ലക്ഷം രൂപ (മൂവായിരത്തി അഞ്ഞൂറ്റി എൺപതു ലക്ഷത്തി അൻപതിനായിരത്തി ഇരുനൂറു രൂപ)

(ഡി) കാർഷിക സർവ്വകലാശാലയ്ക്ക് വരുമാനമുണ്ടാക്കുവാൻ താഴെപ്പറയുന്ന സംവിധാനങ്ങൾ നിലവിലുണ്ട്.

(1) വിത്ത്, നടീൽ വസ്തുക്കൾ, ജാം, ജെല്ലി, മറ്റ് സംസ്ക്കരിച്ച ഉൽപന്നങ്ങൾ, മാംസോൽപന്നങ്ങൾ, ക്ഷീരോൽപന്നങ്ങൾ എന്നിവയുടെ വിപണനം.

(2) സൂക്ഷ്മാണു വളങ്ങൾ, രോഗനിവാരണത്തിനുള്ള സൂക്ഷ്മജീവികൾ എന്നിവയുടെ വിപണനം.

(3) മാതൃകൾച്ചറും ഉൽപ്പാദനത്തിനുവേണ്ടിയുള്ള സാങ്കേതിക വിദ്യയും ബയോകൺട്രോൾ ലാബിനും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾക്കും കൈമാറുന്ന ഇനത്തിൽ ലഭിക്കുന്ന വരുമാനം .

LIBRARY ARCHIVES Kerala Legislative Assembly

(4) ഫീസ് ഈടാക്കിയുള്ള വളം, കീടനാശിനികൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ പരിശോധന വിലയിരുത്തൽ, കാർഷികോപദേശ സർവ്വീസ് പരിശീലന പരിപാടികൾ.

(ഇ) ഉണ്ട്.

(എഫ്) എട്ട് കോടി രൂപ.

വനഭൂമിയുടെ വിസ്തൃതി

*19 [79] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭൂമി സംരക്ഷിക്കുന്നതിനും വനപ്രദേശങ്ങളിൽ കൂടുതൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി എത്രയാണ്;

(സി) ഇത് പരിസ്ഥിതി സന്തുലനത്തിന് ആവശ്യമായതിന്റെ എത്ര ശതമാനമാണ് എന്ന് അറിയിക്കാമോ;

(ഡി) കേരളത്തിന്റെ വനവിസ്തൃതി രാജ്യത്തെ മുഴുവൻ വനവിസ്തൃതിയുടെ ശരാശരിയേക്കാൾ കൂടുതലാണോ;

(ഇ) വനഭൂമി സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തുന്നത് തടയുന്നതിനും കോടതിവിധി അനുസരിച്ച് കൈവശപ്പെടുത്തുന്നതിന് എതിരെ അപ്പീൽ സമർപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ)

(എ) സംസ്ഥാനത്തെ വനാതിർത്തികൾ സ്ഥിരം ജണ്ടകൾ കെട്ടി സംരക്ഷിക്കുന്നു. വനം കൈയേറ്റവും വനം കൊള്ളയും തടയുന്നതിനും നിരന്തര പട്രോളിംഗ് നടത്തുന്നുണ്ട്. ആസൂത്രിതമായും പെട്ടെന്നുണ്ടാകുന്നതുമായ വനം കൈയ്യേറ്റങ്ങളും കുറ്റകൃത്യങ്ങളും തടയുന്നതിന് കോന്നി, നിലമ്പൂർ ആസ്ഥാനമായി ദ്രുത കർമ്മസേനയുടെ 2 യൂണിറ്റുകൾ സജീവമായി പ്രവർത്തിച്ചുവരുന്നു. നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടുതൽ സജ്ജമാക്കിയും സംരക്ഷണ ജീവനക്കാർക്ക് ആധുനിക വാർത്താവിനിമിയ സംവിധാനങ്ങൾ നൽകിയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നുണ്ട്. വനകുറ്റകൃത്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി കോടതികളും നിലവിലുണ്ട്. വനം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഹൈക്കോടതിയിൽ പ്രത്യേക ഗവൺമെന്റ് പ്ലീഡറേയും നിയോഗിച്ചിട്ടുണ്ട്. പൊതുജനങ്ങൾ ഗിരിജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികളും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. വനഭൂമിയിലെ കൈയേറ്റങ്ങൾ ഒഴിവാക്കുന്നതിനും വനഭൂമി വീണ്ടെടുക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും കൺസർവേറ്ററുടെ നേതൃത്വത്തിൽ സർക്കിൾലവൽ കമ്മിറ്റികളും നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly